കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുദാക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2018-19**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1158/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 17.08.2019

e-mail:lfadtvm@yahoo.in

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**

**മുദാക്കൽ ഗ്രാമപഞ്ചായത്ത്**

സർ,

വിഷയം : മുദാക്കൽ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

**പകർപ്പ് :**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരി പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1158/2019 തീയതി:17.08.2019

# തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.07.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എം.ഷാജഹാൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.06.2019 മുതൽ<br>24.06.2019 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.മുഹമ്മദ് സലീം. എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുരേഷ് ബാബു. ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ശാലിനി.വി.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.വിനുകുമാർ. പി.കെ. | ഓഡിറ്റർ |
| ശ്രീ. സഫീർ അഹമ്മദ് അബ്ദുൽ റൗഫ് | ഓഡിറ്റർ |
| ശ്രീ. അരുൺദേവ്. വി.ആർ. | ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി. വിജയകുമാരി.ആർ.എസ്. | 01/04/2018 മുതൽ 31/03/2019 വരെ |
| **സെക്രട്ടറി** | ശ്രീ.അജയകുമാർ. പി.ജി. | 01/04/2018 മുതൽ 24/09/2018 വരെ |
| | ശ്രീമതി. റിമോള.എം. (ഇൻ ചാർജ്ജ്) | 25/09/18 മുതൽ 20/10/2018 വരെ |
| | ശ്രീ. രാജേഷ്.എസ്.എസ്. | 21/10/2018 മുതൽ 31/03/2019 വരെ |

## നിർവ്വഹണോദ്യോഗസ്ഥർ

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിദ്യാധരൻ നായർ.ബി | 01/04/2018 മുതൽ 21/06/2018 വരെ |
| | ശ്രീമതി.റിമോള.എം | 22/06/2018 മുതൽ 31/03/2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഷംനാഥ് | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ലക്ഷ്മി.ജി.ജി | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിസിനി | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാജശ്രീ | 01/04/2018 മുതൽ 31/03/2019 വരെ |
| വെറ്റിനറി സർജൻ | ഡോ.എം.ജി.ഡാലിയ | 01/04/2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ -1 | ശ്രീ.സൈജു | 01/04/2018 മുതൽ 02/07/2018 വരെ |
| | | 03/07/18 മുതൽ 15/08/2018 വരെ ഒഴിവ് |
| | ശ്രീമതി.രഞ്ജിത.ടി | 16/08/2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ - 2 | ശ്രീ.സജീവ് | 01/04/2018 മുതൽ 18/07/2018 വരെ |
| | ശ്രീ.അനൂപ്.എ | 19/07/2018 മുതൽ 24/07/2018 വരെ |
| | ശ്രീ.സുബി സുകുമാരൻ | 25/09/2018 മുതൽ 31/03/2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.നൗഷാദ്.എ | 01/04/2018 മുതൽ 06/11/2018 വരെ |
| | ശ്രീമതി.സബീന | 07/11/2018 മുതൽ 07/03/2019 FN വരെ |

| | | |
|---|---|---|
| | ശ്രീമതി. അന്ന രാജൻ | 07/03/2019 AN മുതൽ 20/03/2019 FN വരെ |
| | ശ്രീ. മാത്യു കോശി | 20/03/2019 AN മുതൽ 31/03/2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. മേരി ഷൈനി. ടി.കെ. | 01/04/2018 മുതൽ 31/03/2019 വരെ |
| എച്ച്.എം, ഗവ.എൽ.പി.എസ്, വാളക്കാട് | ശ്രീമതി. സി.ആർ.തങ്കമണി | 01/04/2018 മുതൽ 31/03/2019 വരെ |
| എച്ച്.എം,ഗവ.എൽ.പി.എസ്, ചെമ്പൂർ | ശ്രീമതി. ഗീതകുമാരി.കെ.കെ | 01/04/2018 മുതൽ 31/03/2019 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.സുസ്മിത.കെ.എസ് | 01/04/2018 മുതൽ 31/03/2019 വരെ |

**ഉള്ളടക്കം**


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം- 1**<br>**പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | *ധനകാര്യപത്രികയിലെ അപാകതകൾ* | 1-12 |
| | **ഭാഗം-2**<br>**വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 14 | കാലാവധി കഴിഞ്ഞ ചെക്കിലെ തുകകൾ മുതൽ കൂട്ടേണ്ടതാണ്. | 2-2 |
| 15 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ പാലിക്കുന്നില്ല. | 2-3 |
| 16 | വളർത്തു നായ്ക്കളുടെ ലൈസൻസ് നൽകൽ / പുതുക്കൽ എന്നിവയിൽ കൃത്യതയില്ല. | 2-4 |
| | **ഭാഗം-3**<br>**ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 17 | തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്. | 3-1 |
| 18 | എസ്.എൽ.ഐ. വരിസംഖ്യ - നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഒടുക്കുവരുത്തിയിട്ടില്ല | 3-2 |
| 19 | ലയബിലിറ്റിയായി നിലനിൽക്കുന്ന തുകകൾ ചെലവഴിച്ചിട്ടില്ല | 3-3 |
| 20 | സംയുക്ത പ്രോജക്ടുകൾ- സർക്കാർ നിർദ്ദേശം പാലിക്കണം | 3-4 |
| 21 | പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും-അവലോകനം | 3-5 |
| 22 | പഞ്ചായത്തിന് ഐ.എസ്.ഒ 9001:2015 അംഗീകാരം - ഗുണമേന്മ ലക്ഷ്യങ്ങൾ നേടേണ്ടതാണ് | 3-6 |
| 23 | ഫയൽ ട്രാക്കിംഗിനുള്ള ടച്ച് സ്ക്രീൻ കിയോസ്ക് പ്രവർത്തിക്കുന്നില്ല | 3-7 |
| 24 | കശുമാവിൻതൈകൾ വിതരണം ചെയ്യൽ- സബ്സിഡി | 3-8 |

| | | |
|---|---|---|
| | മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല | |
| 25 | ആട്ട വളർത്തൽ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-9 |
| 26 | ഭരണാനുമതി ലഭിച്ച തുകയും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 3-10 |
| 27 | അംഗൻവാടി കെട്ടിടങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നു | 3-11 |
| 28 | ലൈഫ് മിഷൻ ഭവന പദ്ധതി(ജനറൽ)-ഫണ്ട് വിനിയോഗത്തിൽ അപാകത | 3-12 |
| 29 | ലൈഫ് ഇഎം.എസ് ഭവനപദ്ധതിപൂർത്തിയാക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കൽ-തനത് ഫണ്ടിൽ ചെലവഴിക്കാതെ തുക അവശേഷിക്കുന്നു | 3-13 |
| 30 | ഭവനപുനരുദ്ധാരണം- പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-14 |
| 31 | സുരക്ഷ – മാനസികാരോഗ്യ സംരക്ഷണ പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം | 3-15 |
| 32 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 500000/- രൂപ തടസ്സപ്പെടുത്തുന്നു | 3-16 |
| 33 | മഴക്കാലപൂർവ്വശുചീകരണം സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 3-17 |
| | **ഭാഗം-4**<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 41 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം-1, ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 20.03.2018ലെ യോഗത്തിൽ അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 20,79,24,699.60/- രൂപയും പ്രതീക്ഷിത ചെലവ് 20,59,78,312/- രൂപയും നീക്കിയിരിപ്പ് 19,46,387.60/- രൂപയുമായിരുന്നു.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.04.2019 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ട്

# 1-4 സാമ്പത്തിക വിശകലനം

2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനമാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| മുന്നിരിപ്പ് | 1,06,89,579.00 |
| വരവ് | 12,89,16,176.00 |
| ആകെ | 13,96,05,755.00 |
| ചെലവ് | 11,69,98,119.00 |
| നീക്കിയിരുപ്പ് | 2,26,07,636.00 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫ. ജനറൽ | 0 | 19201406 | 19201406 | 19201406 | 0 |
| വി.ഫ. എസ്.സി.പി. | 0 | 17297251 | 17297251 | 17297251 | 0 |
| മെ.ഫ. റോഡ് | 0 | 19223000 | 19223000 | 19223000 | 0 |
| മെ.ഫ. റോഡിതരം | 0 | 5041234 | 5041234 | 5041234 | 0 |
| സി.എഫ്.സി. | 0 | 11170301 | 11170301 | 11170301 | 0 |
| ബി.ഫണ്ട് | 0 | 1379160 | 1379160 | 1379160 | 0 |
| ഐ.ഒ.ബി. (8798) | 9440473 | 9903212 | 19343685 | 5507148 | 13836537 |
| എസ്.ബി.ഐ. ഇ പേമെന്റ് | 68827 | 103979 | 172806 | 8086 | 164720 |
| ട്രഷറി ടി.എസ്.ബി. | 1096087 | 18685406 | 19781493 | 15502720 | 4278773 |
| കാനറ ബാങ്ക് (17440) | 1286 | 46 | 1332 | 0 | 1332 |
| എസ്.ബി.ഐ. - ലൈഫ് | 0 | 19185866 | 19185866 | 19109985 | 75881 |

| | | | | | |
|---|---|---|---|---|---|
| കാനറ ബാങ്ക് - എൻ.ആർ.ഇ.ജി.എസ്. | 4517 | 457250 | 461767 | 443815 | 17952 |
| ട്രഷറി ടി.എസ്.ബി. ജോയിന്റ് വെഞ്ചർ | 0 | 7255774 | 7255774 | 3035624 | 4220150 |
| ക്യാഷ് | 78389 | 12291 | 90680 | 78389 | 12291 |

# 1-6 പദ്ധതി അവലോകനം

*2018-19 സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.*

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയവയുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 5557871 | 11 | 1652454 | - | 1 | 92 |
| 2 | വെറ്റിനറി സർജൻ | 5 | 4795000 | 5 | 4555000 | - | - | 100 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 1533860 | 5 | 1492315 | - | - | 100 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 185000 | 2 | 185000 | - | - | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 1100000 | 2 | 1100000 | - | - | 100 |
| 6 | വി.ഇ.ഒ | 10 | 78583280 | 8 | 38150201 | - | 2 | 80 |
| 7 | ഐ.സി.ഡി.എസ് | 7 | 7299318 | 7 | 6860745 | - | - | 100 |
| 8 | സെക്രട്ടറി | 33 | 20126765 | 22 | 11944094 | - | 11 | 67 |
| 9 | അസി.എഞ്ചിനീയർ | 74 | 38555110 | 57 | 28616789 | - | 17 | 77 |
| 10 | ഹെഡ്മാസ്റ്റർ | 7 | 2015775 | 6 | 1514580 | - | 1 | 86 |
| 11 | ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 3434400 | 3 | 2252700 | - | - | 100 |
| 12 | അസി.സെക്രട്ടറി | 8 | 2510625 | 6 | 2020544 | - | 2 | 75 |
| | **ആകെ** | **168** | **165697004** | **134** | **100344422** | **0** | **34** | **80** |

# 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി - വിശദാംശം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 4517 | 457250 | 461767 | 443815 | 17952 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42064000 | 42064000 | 42064000 | 0 |
| ആകെ | 4517 | 42521250 | 42525767 | 42507815 | 17952 |

# 1-8 ക്ഷേമപദ്ധതികൾ

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5,09,160/- | 290 |
| കർഷകതൊഴിലാളി പെൻഷൻ | 75,97,700/- | 588 |
| വിധവാ പെൻഷൻ | 2,39,89,000/- | 1946 |
| വാർദ്ധക്യകാലപെൻഷൻ | 4,05,73,900/- | 3262 |
| വികലാംഗ പെൻഷൻ | 62,73,600/- | 499 |
| വിവാഹധനസഹായം | 8,70,000/- | 29 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 7,69,600/- | 65 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2019, 10.15 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,232/- രൂപയുടെ ക്യാഷ് ബാലൻസുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

# 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം

a) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്തിട്ടില്ല.

b) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (7ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

c) ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയയ്ക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല.

d) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കുന്നില്ല.

e) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

f) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല.

g) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മൊണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

<u>ബജറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടി |
|---|---|---|---|
| 1 | നോൺ-പ്ലാൻ വരവ്-ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിംസബർ 15 ന് മുൻപ് | 10/01/18 |
| 2 | നോൺ-പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15 ന് മുൻപ് | ഗവ.ആയു.ഡിസ്പെൻസറി - 26/01/18ൽ സമർപ്പിച്ചു.<br>ജി.എച്ച്.ഡി, അയിലം - 25/01/18<br>പി.എച്ച്.സി, മുദാക്കൽ - 24/01/18<br>കൃഷിഭവൻ, മുദാക്കൽ - 25/01/18<br>ജി.എൽ.പി.എസ്, ഇടക്കോട് - 25/01/18<br>ഐ.സി.ഡി.എസ് - 01/02/2018<br>ഗവ.എൽ.പി.എസ്, ഇളമ്പ - 01/02/2018 |
| 3 | ക്രോഡീകരണത്തിനായി വിവിധ<br>സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 25 ന് മുൻപ് | സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് | 14.02.2018 |

| | | | |
|---|---|---|---|
| | | മുൻപ് | |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 06.03.18 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 15.03.2018 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | 20.03.28 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31 ന് മുൻപ് | 20.03.18 |

പ്രതിമാസ വരവ് ചെലവ് പത്രിക അംഗീകരിക്കൽ - നടപടിക്രമം പാലിക്കണം.

| പ്രതിമാസ വരവ് ചെലവ് പത്രിക അംഗീകരിക്കലിനായി ഗ്രാമപഞ്ചായത്ത് നിയമാനുസൃതം കൈക്കൊള്ളേണ്ട നടപടികൾ | ഗ്രാമപഞ്ചായത്ത് കൈക്കൊണ്ട നടപടികൾ |
|---|---|
| കേരളാ പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 182 (xii), 2011 ലെ കേ.പ.രാ അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 60 എന്നിവ പ്രകാരം പ്രതിമാസ വരവ് ചെലവ് പത്രിക (റസീപ്റ്റ് & പേയ്മെന്റ്) അടുത്ത മാസം 10ാം തീയതിക്ക് മുൻപായി ധനകാര്യ സ്ഥിരം സമിതിക്ക് സെക്രട്ടറി സമർപ്പിക്കണം. | 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്ഥിരം സമിതി മിനിറ്റ്സ് പരിശോധിച്ചതിൽ 2019 ജനവരി മാസത്തെ പ്രതിമാസ വരവ് ചെലവ് പത്രിക 08/03/2019 നാണ് ധനകാര്യ സ്ഥിരം സമിതി അംഗീകരിച്ചിരിക്കുന്നത്. |
| പ്രതിമാസ വരവ് ചെലവ് പത്രിക (റസീപ്റ്റ് & പേയ്മെന്റ്) സെക്രട്ടറി നിശ്ചിത ഫോറത്തിൽ (കെ.പി.ആർ.എ.ആർ 12) തയ്യാറാക്കിയാണ് ധനകാര്യ സ്ഥിരം സമിതിക്ക് സമർപ്പിക്കേണ്ടത്. | നിശ്ചിത ഫോറത്തിലല്ല പ്രതിമാസ വരവ് ചെലവ് പത്രിക ധനകാര്യ സ്ഥിരംസമിതിക്ക് സമർപ്പിച്ചിരിക്കുന്നത്. |
| മാസാന്ത്യ പത്രിക ധനകാര്യ സ്ഥിരം സമിതിയുടെ പരിശോധനയ്ക്കും ഓഡിറ്റിനും വിധേയമാക്കി നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. | 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്ഥിരം സമിതി മിനിറ്റ്സ് പരിശോധിച്ചതിൽ മാസാന്ത്യ പത്രികകൾ നിർദ്ദേശങ്ങളോ അപാകങ്ങളോ രേഖപ്പെടുത്താതെ അംഗീകരിച്ചതായി മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| മാസാന്ത്യ പത്രിക ധനകാര്യ സ്ഥിരം സമിതിയുടെ ശുപാർശയോടെ തുടർന്ന് വരുന്ന ജനറൽ കമ്മിറ്റി മീറ്റിംഗിൽ ധനകാര്യ സ്ഥിരം സമിതിയുടെ അധ്യക്ഷൻ സമർപ്പിക്കേണ്ടതാണ്. ഇത് പ്രസ്തുത മീറ്റിംഗിൽ പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തണം. | മാസാന്ത്യ പത്രിക പ്രത്യേക അജണ്ടയായി ഉൾപ്പടുത്താതെ ധനകാര്യ സ്ഥിരം സമിതിയുടെ തീരുമാനങ്ങൾ ഒറ്റ അജണ്ടയായി അംഗീകരിച്ച് വരികയാണ് ചെയ്യുന്നത്. |

ഇത്തരത്തിൽ ധനകാര്യ സ്ഥിരം സമിതി പ്രതിമാസ പത്രിക കൃത്യമായി പരിശോധനയ്ക്കും ഓഡിറ്റിനും വിധേയമാക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ അപാകതയ്ക്കും, വരവ് ചെലവ്

താരതമ്യത്തിന് കഴിയാത്തതിനാൽ അത് സംബന്ധിച്ച നിർദ്ദേശങ്ങൾ / തീരുമാനങ്ങൾ കൈക്കൊള്ളാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി / ജനറൽ കമ്മിറ്റിക്ക് കഴിയാതെ വരുകയും അതുവഴി വരുമാനത്തിലെ കുറവിനും അധികചെലവിനും കാരണമാകുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവര വിനിമയ സംവിധാനം മെച്ചപ്പെടണം

ഗ്രാമപഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കീഴിൽ ജനസേവനം ഫലപ്രദമാക്കാൻ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്റ്റാന്റിംഗ് കമ്മിറ്റി | രൂപീകരിച്ച കമ്മിറ്റി | യോഗങ്ങളുടെ എണ്ണം (1 വർഷം) | | പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചതിന്റെ വിവരം |
|---|---|---|---|---|
| | | കൂടേണ്ടത് | കൂടിയത് | |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി | 3 മാസത്തിൽ ഒരിക്കൽ (കൂടേണ്ടത് വർഷത്തിൽ 4 യോഗങ്ങൾ) | 1 | പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റി / ജനറൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. |
| | ജാഗ്രതസമിതി (മാർഗ്ഗരേഖ സ.ഉ.(എം.എസ്) 21/07 സാ.ക്ഷേ.വകുപ്പ് ഖണ്ഡിക 1.23 ) | പ്രതിമാസം | പരാതി ലഭിക്കുന്ന മുറയ്ക്ക് കൂടുന്നു | പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റി / ജനറൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. |
| | അങ്കണവാടി വെൽഫയർ കമ്മിറ്റി (ജി.ഒ(ആർ.ടി) 1830/2017, lsgd 2.06.17 | പ്രതിമാസം | 12 | പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റി / ജനറൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. |
| | വയോജന ജാഗ്രതസമിതി (സ.ഉ(ആർ.ടി) 2776/2018, തസ്വഭവ 30.10.18) | | | രൂപീകരിച്ചിട്ടില്ല. |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റി (ജി.ഒ(ആർ.ടി) 1748/2017 lsgd, 27.05.17) | എക്സിക്യൂട്ടീവ് കമ്മിററി - പ്രതിമാസം<br>ജനറൽ കമ്മിററി - 3 | 1<br>1 | പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റി / ജനറൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. |
| | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി<br>2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ | വർഷത്തിൽ 4 യോഗങ്ങൾ | ആയുർവേദം - 2<br>ഹോമിയോ - 4<br>പി.എച്ച്.സി - 4 | പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റി / ജനറൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.<br>2010-ലെ കേരള പഞ്ചായത്ത് രാജ് |

| | | | | |
|---|---|---|---|---|
| | | | | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 5(9) പ്രകാരം എച്ച്.എം.സി സ്വീകരിച്ച ഏത് തീരുമാനവും യോഗശേഷം ആദ്യമായി കൂടുന്ന ഗ്രാമസഭ യോഗത്തിൽ വായിക്കേണ്ടതാണ്. അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. |
| | ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റി | വർഷത്തിൽ 6 യോഗം | 6 | പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റി / ജനറൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. |
| | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി | 4 | 4 | പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റി / ജനറൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | പാടശേഖര സമിതി | - | - | - |
| | കാർഷിക വികസന സമിതി | 12 | 12 | പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റി / ജനറൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. |
| | മൃഗാശുപത്രി വികസന സമിതി | വർഷത്തിൽ 3 യോഗം | 3 | പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റി / ജനറൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | അപ്പീൽ കമ്മിറ്റി | | | രൂപീകരിച്ചിട്ടില്ല. |

മേൽ സൂചിപ്പിച്ച കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കമ്മിററിയിൽ ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിററിക്ക് റിപ്പോർട്ട് ചെയ്യുന്നില്ല. ആയതിനാൽ ഘടക സ്ഥാപനങ്ങളിലെ അടിസ്ഥാന വിഷയങ്ങൾ തീരുമാനം ജനറൽ കമ്മിററിയിൽ ഉണ്ടാകുന്നില്ല.

<u>നിക്ഷേപ പ്രവൃത്തികൾ - മോണിറ്ററിംഗ് കാര്യക്ഷമമാക്കണം</u>

ഗ്രാമപഞ്ചായത്ത് വൈദ്യുതി ലൈൻ നീട്ടൽ, മീറ്ററിംഗ്, കുടിവെള്ളവിതരണം തുടങ്ങിയ അടിസ്ഥാന വികസനപദ്ധതികൾക്ക് കെ.ഡബ്ല്യൂ.എ, കെ.എസ്.ഇ.ബി തുടങ്ങിയ സർക്കാർ ഏജൻസികളിൽ നിക്ഷേപം നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതികൾ പൂർത്തിയാക്കിയതിനുള്ള രേഖകൾ ലഭ്യമാക്കുന്നില്ല. ഓരോ പ്രവൃത്തിയുടേയും അംഗീകൃത പ്രോജക്ട്, എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയെല്ലാം ചെലവിന്റെ കൃത്യതയും പദ്ധതി ലക്ഷ്യം കൈവരിക്കലും ഉറപ്പ് വരുത്തുവാൻ അനിവാര്യമാണ്. പ്രസ്തുത രേഖകൾ തദ്ദേശഭരണസ്ഥാപനത്തിൽ ലഭ്യമല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം കരാർ ചമക്കുന്നതിലും വീഴ്ചയുണ്ട്. മുൻകൂറായി നൽകിയ തുകയുടെ വിശദാംശങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കൃത്യമായ കണക്ക് സൂക്ഷിക്കാത്തതുകാരണം നാളിതുവരെ ഡെപ്പോസിറ്റ് വർക്കിന് മാറ്റിവച്ച തുകയിൽ എത്രമാത്രം ക്രമീകരിക്കാൻ അവശേഷിക്കുന്നു എന്ന് നിർണ്ണയിക്കുന്നതിനും സാംഖ്യയിൽ വേണ്ടത്ര ക്രമീകരണം നടത്തുന്നതിനും സ്ഥാപനത്തിനു കഴിയുന്നില്ല. പണമൊടുക്കു വരുത്തുന്നതല്ലാതെ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാനുള്ള യാതൊരു ശുഷ്കാന്തിയും ഗ്രാമപഞ്ചായത്ത് കാണിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഫെബ്രുവരി | ഫെബ്രുവരി 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/05/18 | 2013-14 മുതൽ 2017-18 വരെ | 28/06/18 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

അപാകതകൾ പ്രത്യേക റിപ്പോർട്ടായി പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയില്ല

1) www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014)നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010521141 | SATHEESAN | AMBADY FINANCE | AJIMSHA BUILDING, MP.5/1339, MUDAKKAL, 5,VALAKKADU, ELAMPA |
| 32010528082 | SIVADAS | SIVAMAYAM | GOKULAM, ,MP441, MUDAKKAL, XIV, KIZHUVILAM, OORUPOIKA |

| | | | |
|---|---|---|---|
| 32010564003 | PUSHPAKUMARI.B | SWATHI FINANCE | VIII/1072, VIII/1072, MUDAKKAL PANCHAYATH, VIII, CHEMPOOR, MUDAKKAL |
| 32010537554 | YESODHARAN | THIRUVATHIRA FINANCERS | VIII, VIII/907, CHEMPOOR, VIII, MUDAKKAL, MUDAKKAL |

ഈ വിവരം കാണിച്ച് നൽകിയ എൻക്വയറി നം 38/ 22.06.19 ന് നികുതി ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ഈ വിഷയം സംബന്ധിച്ച് 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്.

2) ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2018-19 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

a) ബി.എസ്.എൻ.എൽ, പൊയ്കമുക്ക്

b) ക്ഷീരോല്പാദക സഹകരണ സംഘം, കല്ലിൻമൂട്

c) എ.ആർ.ഡി. നം. 32, ഊരുപൊയ്ക

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം.38/22.06.19 ന് മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നികുതി ഈടാക്കുന്നതാണെന്നും മറുപടി ലഭിച്ചു.

ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 2-2 കാലാവധി കഴിഞ്ഞ ചെക്കിലെ തുകകൾ മുതൽ കൂട്ടേണ്ടതാണ്.

കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്തതിനാൽ റീക്കൺസിലിയേഷൻ വിൻഡോയിൽ തുടരുന്ന ചെക്കുകൾ " liability in respect of stale cheque" എന്ന ലയബിലിറ്റി ഹെഡിൽ ഡയറക്ട് ക്രഡിറ്റായി അക്കൗണ്ടന്റ് ലോഗിനിൽ ബന്ധപ്പെട്ട ബാങ്കിലേക്ക് ഒരു രസീതി ചെയ്ത് റീക്കൺസിലിയേഷൻ വിൻഡോയിൽ നിന്നും ഒഴിവാക്കേണ്ടതാണ്. പിന്നീട് ബന്ധപ്പെട്ട വ്യക്തികൾ / സ്ഥാപനത്തിൽ നിന്ന് അപേക്ഷ , പഴയ ചെക്ക് എന്നിവ വാങ്ങി , മേൽപ്പറഞ്ഞ ലയബിലിറ്റി ഹെഡിൽ തന്നെ പേമെന്റ് ചെയ്ത് പുതിയ ചെക്ക് നൽകാവുന്നതാണ്.

നിശ്ചിത കാലം കഴിഞ്ഞിട്ടും ചെക്കിന്റെ അവകാശി പുതിയ ചെക്കിനായി സമീപിക്കുന്നില്ലായെങ്കിൽ ഒരു പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ തുക ബന്ധപ്പെട്ട ചെലവിന്റെ പ്രയർ പിരീഡ് ഹെഡിലേക്ക് റെക്ടിഫിക്കേഷൻ ജേണൽ രേഖപ്പെടുത്തി മുതൽ കൂട്ടാവുന്നതാണ്.

4/01/2017 ലെ 661032, 661042 എന്നീ ചെക്കുകൾ പ്രകാരം 225/- രൂപ (120 + 105) നൽകുകയും എന്നാൽ ബാങ്കിൽ പെമെന്റ് ആകാത്തതിനാൽ ലയബിലിറ്റിയായി നിലനിൽക്കുയും ചെയ്യുന്നു. ഈ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

# 2-3 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ പാലിക്കുന്നില്ല.

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2)പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം-1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു **പതിനഞ്ചു ദിവസത്തിൽ** കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ **ഇരുനൂറ്** രൂപ

രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം-5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇൻഡക്സ് എന്ന സ്ഥാപനം 2016-17 സാമ്പത്തിക വർഷം മുതൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 31/21.06.2019 ന് സ്ഥാപനത്തിന് രജിസ്ട്രേഷൻ പുതുക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. രജിസ്ട്രേഷൻ സംബന്ധിച്ച ചട്ടങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 വളർത്തു നായകളുടെ ലൈസൻസ് നൽകൽ / പുതുക്കൽ എന്നിവയിൽ കൃത്യതയില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്തു പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളേയോ പന്നികളേയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഗ്രാമപഞ്ചായത്ത് ഒരു പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്. ചട്ടം 4(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതിൽ പറയുന്ന തീയതിക്ക് മുൻപായി പട്ടി, പന്നി എന്നിവ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും അങ്ങനെയുള്ള ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള ഗ്രാമപഞ്ചായത്തിന്റ ലൈസൻസിനായി അതിന്റെ പ്രായം, നിറം, ഇനം മുതലായ വിവരങ്ങൾ കാണിച്ചുകൊണ്ട് 10 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ചട്ടം 4(7) പ്രകാരം ലൈസൻസ് നൽകുന്നതും അത് പുതുക്കുന്നതും സംബന്ധിച്ച് വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

1) മൃഗസംരക്ഷണം-ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ വളർത്തു നായ്ക്കളുടെ എണ്ണം 1000 എന്നും ഒന്നിനും ലൈസൻസില്ലാ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എ.എഫ്.എസ് പ്രകാരം ആകെ 27 എണ്ണത്തിനു ലൈസൻസ് നൽകിയിട്ടുണ്ട്.

2) 2017-18 സാമ്പത്തിക വർഷം ഈ ഇനത്തിൽ 420/- രൂപ വരവുണ്ട് എന്നാൽ 2018-19 സാമ്പത്തിക വർഷം എ.എഫ്.എസ് പ്രകാരം ഈ ഇനത്തിലെ വരവ് 270/- രൂപയാണ്.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം.32/21.06.2019 ന് വർക്കിംഗ് ഗ്രൂപ്പ് പ്രകാരമുള്ള എണ്ണം കൃത്യമല്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പഞ്ചായത്ത് പരിധിയിലുള്ള വളർത്തുനായകൾക്ക് ലൈസൻസ് എടുക്കുന്നുണ്ടന്ന് ഉറപ്പുവരുത്താനും ഈ ഇനത്തിൽ ലൈസൻസ് ഫീസായി പഞ്ചായത്തിനു ലഭിക്കേണ്ടതായ തുക പൂർണ്ണമായും ഈടാക്കുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിററിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലനം സംബന്ധമായി താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു:

1) തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് സംബന്ധമായ പരാതികൾ സെക്രട്ടറി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന് ശേഷം അറ്റകുറ്റപ്പണികൾക്ക് ചുമതലപ്പെടുത്തിയ ആൾക്ക് നൽകണം (പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം. ജി2-44274/2015 തീയതി 17.09.2015). പരിഹരിച്ച പരാതികളുടെ വിവരവും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തണം. എന്നാൽ ഈ പഞ്ചായത്തിൽ വാർഡ് മെമ്പർമാർ പരാതികൾ നേരിട്ട് അറ്റകുറ്റപ്പണികൾക്ക് ചുമതലപ്പെടുത്തിയ ഇലക്ട്രീഷ്യന് നൽകുകയാണ് ചെയ്യുന്നത്.

2) അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്ത് വാങ്ങി നൽകുന്ന സാധനങ്ങൾ സ്റ്റോക്ക് ഇൻ രജിസ്റ്ററിലും സ്റ്റോക്ക് ഔട്ട് രജിസ്റ്ററിലും രേഖപ്പെടുത്തി വർഷാവസാനം സെക്രട്ടറി റീകൺസീൽ ചെയ്ത് സൂക്ഷിക്കണം. എന്നാൽ ഇത്തരത്തിൽ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

3) കേടായ സാധനങ്ങൾ കരാറുകാരൻ തിരികെ പഞ്ചായത്തിന് ഏൽപ്പിക്കേണ്ടതും ഇവയുടെ വിവരം അതാത് ദിവസം രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല.

4) കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ തെരുവ് വിളക്കുകൾക്ക് നൽകേണ്ട വൈദ്യുതി ചാർജ്ജ് ഡിമാന്റ് കൃത്യമാക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിച്ചിട്ടില്ല.

5) തെരുവ്വിളക്ക് പരിപാലനത്തിനായുള്ള വാർഡ് തല മോണിറ്ററിംഗ് കമ്മിറ്റി മാസത്തിലൊരിക്കൽ കൂടേണ്ടതാണ്. വാർഡുതല റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വികസനകാര്യ സ്ഥിരം സമിതി ചെയർപേർസൺ, കെ.എസ്.ഇ.ബി അസി. എഞ്ചിനിയർ, യൂസർഗ്രൂപ്പ് പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ എന്നിവരടങ്ങുന്ന കമ്മിറ്റി അറ്റകുറ്റപ്പണികളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്.
ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽപ്പെട്ട തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ട് മേൽസൂചിപ്പിച്ച അപാകങ്ങൾ ഒഴിവാക്കാൻ വികസനകാര്യ സ്ഥിരം സമിതി, പഞ്ചായത്ത് കമ്മിറ്റി, സെക്രട്ടറി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 എസ്.എൽ.ഐ. വരിസംഖ്യ - നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഒടുക്കുവരുത്തിയിട്ടില്ല

ഓഡിറ്റ് വർഷത്തെ ശമ്പള ബിൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗ്രാമപഞ്ചായത്ത് ജീവനക്കാർ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ എസ്.എൽ.ഐ. വരിസംഖ്യ ഒടുക്കുവരുത്തിയിട്ടില്ല.(2018 മാർച്ച് മാസത്തെ ശമ്പളബിൽ പ്രകാരമുള്ള ഒടുക്കുകൾ ചുവടെ ചേർക്കുന്നു.)

| ഉദ്യോഗസ്ഥന്റെ പേര്, | അടിസ്ഥാന | SLI,സർക്കാർ | |
|---|---|---|---|

| തസ്തിക, | ശമ്പളം | നിശ്ചയിച്ചിട്ടുള്ള നിരക്ക് (1.1.17 മുതൽ) | SLI ഒടുക്കുവരുത്തിയത് |
|---|---|---|---|
| ശ്രീ.അരുൺ കുമാർ.എം.എസ് അക്കൗണ്ടന്റ് | 33,900/- | 300/- | 150/- |
| ശ്രീ.പി.ജി.അജയകുമാർ സ്പെഷ്യൽ സെക്രട്ടറി | 49,200/- | 500/- | 250/- |

സ.ഉ(അച്ചടി)നം.149/16/ധന, തീയതി 04.10.2016 പ്രകാരം പുതുക്കിയ നിരക്ക് 2016 ഡിസംബർ മാസത്തെ ശമ്പളം മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. എസ്.എൽ.ഐ. വരിസംഖ്യ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഒടുക്കുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-3 ലയബിലിറ്റിയായി നിലനിൽക്കുന്ന തുകകൾ ചെലവഴിച്ചിട്ടില്ല

B9 ഷെഡ്യൂൾ പ്രകാരം 'government and other dues payable others" ഇനത്തിൽ 2,725/- രൂപ നിലനിൽക്കുന്നു. പഞ്ചായത്ത് പ്രദേശത്തെ ഉപയോഗശൂന്യമായ വൃക്ഷങ്ങൾ ലേലം ചെയ്ത് നൽകിയത് പ്രകാരം " വന വികസന നികുതി ഇനത്തിൽ" സ്വീകരിച്ചതാണ് പ്രസ്തുത തുക.

B9 ഷെഡ്യൂൾ പ്രകാരം ' refunds payable others" ഇനത്തിൽ 14,063/- രൂപ 2015-16 മുതൽ നിലനിൽക്കുന്നു. 22/07/2015 ൽ ശ്രീമതി.ഷീല, കോളൂർ പുത്തൻ വീട് എന്ന വ്യക്തി ഭവന പുനരുദ്ധാരണത്തിന് സ്വീകരിച്ച തുകയിൽ നിന്നും 12,500/- രൂപയും, പലിശയും മറ്റിനത്തിൽ 1,563/- രൂപയും ഉൾപ്പെടെ 14,063/- രൂപ പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുക ലയബിലിറ്റിയായി നിലനിൽക്കുന്നു. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതും ലയബിലിറ്റി ഹെഡിൽ ഉൾപ്പെട്ട തുകകൾ ഒടുക്കു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-4 സംയുക്ത പ്രോജക്ടുകൾ- സർക്കാർ നിർദ്ദേശം പാലിക്കണം

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമ പഞ്ചായത്തിന്റെ നടപടികൾ |
|---|---|
| 1.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവ സ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ് | പത്രികകൾ തയ്യാറാക്കിയിട്ടില്ല |

| | |
|---|---|
| 2.കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്റ്റുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതല യോഗം ചേരേണ്ടതാണ് | നടപടിക്രമം പാലിച്ചിട്ടുണ്ട് |
| 3.സംയുക്ത പ്രോജക്റ്റിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | കരാർ വച്ചിട്ടില്ല |
| 4.സംയുക്ത പ്രോജക്റ്റിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്റ്റ് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് സഹായകമായ പ്രോജക്റ്റ് തയ്യാറാക്കണം | പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട് |
| 5.ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്റ്റുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം | നടപടിക്രമം പാലിച്ചിട്ടില്ല |
| 6.മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്റ്റ് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | നടപടിക്രമം പാലിച്ചിട്ടില്ല |
| 7.സംയുക്ത പ്രോജക്റ്റുകൾക്കായി ജോയിന്റ് വെഞ്ചർ അക്കൗണ്ട് സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 8.നിർവ്വഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ചർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | നടപടിക്രമം പാലിച്ചിട്ടില്ല പ്രോജക്റ്റ് നം.50/18-19, 70/18-19, 110/18-19 എന്നിവയിൽ ചെലവഴിക്കാത്ത തുക അവശേഷിക്കുന്നു. |

സംയുക്ത പ്രോജക്റ്റുകളുടെ നിർവ്വഹണം പൂർണ്ണമായും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കേണ്ടതാണ്.

# 3-5 പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും-അവലോകനം

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2018-19സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 74 പദ്ധതികൾ ഏറ്റെടുത്തു. ഇതിൽ 57 പദ്ധതികൾ തൻവർഷം നടപ്പിലാക്കി. 3,85,55,110/-രൂപ ആകെ വകയിരുത്തിയതിൽ 2,86,16,789/-രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവഹണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | പുതിയ പദ്ധതികൾ | സ്പിൽഓവർ പദ്ധതികൾ | ആകെ പദ്ധതികൾ |
|---|---|---|---|
| ഏറ്റെടുത്തവ | 52 | 22 | 74 |
| നടപ്പിലാക്കിയവ | 38 | 19 | 57 |
| നടപ്പിലാക്കാത്തവ | 14 | 03 | 17 |
| ഉപേക്ഷിച്ചവ | 2 | 2 | 4 |
| 2019-20 ൽ സ്പിൽ ഓവറായി ഏറ്റെടുത്തവ. | 12 | 1 | 13 |

i.പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം മെച്ചപ്പെടണം.

2018-19ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 06-01-18 ൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ട്. തൻവർഷം, അതിനുശേഷം 28-02-18 ലും 03-03-18ലും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4 ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ ഈ നിർദ്ദേശം പാലിച്ചു കാണുന്നില്ല.സർക്കാർ ഉത്തരവ് (കൈ) നം.11/2018 ത.സ്വ.ഭ.വ തീയതി 29-01-2018 പ്രകാരമുള്ള ചുമതലകൾ വർക്കിംഗ് ഗ്രൂപ്പ് നിർവഹിക്കേണ്ടതാണ്.

ii.വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ പദ്ധതികളായി രൂപപ്പെടേണ്ടതുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് കൈക്കൊണ്ട നിർദ്ദേശങ്ങളിൽ പലതും പദ്ധതികളായി രൂപപ്പെട്ടിട്ടില്ല. ചുവടെ പറയുന്ന നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് രേഖപ്പെടുത്തിയിട്ടുണ്ട്.

1.നിലവിലുള്ള എല്ലാ പബ്ലിക്ക് മാർക്കറ്റുകളും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

2.പഞ്ചായത്തിന്റെ പൊതുസ്ഥലങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

3.പഞ്ചായത്തിന്റെ നിലവിലുള്ള എല്ലാ കുളങ്ങളും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക.

4.തോടുകളുടെ കുറുകെ നടപ്പാലം നിർമ്മിക്കുക.

5.പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുക.

പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന നിർദ്ദേശങ്ങൾ തൻവർഷം പദ്ധതികളായി രൂപപ്പെട്ടിട്ടില്ല.പദ്ധതി രൂപീകരണ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടതും ഗ്രാമസഭാ നിർദ്ദേശങ്ങളുടെയും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

iii.ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ്.

ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 മുതൽ 2017-18 വരെ ഇ-ടെൻഡർ ചെയ്ത പദ്ധതികളിൽ നിന്നും ടെണ്ടർ ഫാറവിലയിനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള തുക നാളിതുവരെയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം 21/2019 ന് ലഭ്യമായ വിവരം).വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടർ ഫാറം വില |
|---|---|
| 2015-16 | 55,230/- |
| 2016-17 | 1,58,570/- |
| 2017-18 | 1,74,340/- |
| 2018-19 | 2,35,402/- |
| ആകെ | 6,23,542/- |

തിരികെ ലഭിക്കുവാനുള്ള തുക സംബന്ധിക്കുന്ന വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. തുക തിരികെ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

iv.റോഡ് കണക്റ്റിവിറ്റി മാപ്പ്.

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ – പദ്ധതികളിൽ 80% ൽ അധികം പദ്ധതികളും റോഡ് പ്രവൃത്തികളാണ്. പഞ്ചായത്ത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയാണ് ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്. റോഡ് കണക്ടിവിറ്റി മാപ്പ് വാർഡ് അടിസ്ഥാനത്തിലും പഞ്ചായത്ത് തലത്തിലും തയ്യാറാക്കിയിട്ടുണ്ട്. ഓരോ തരത്തിലുള്ള റോഡുകൾക്കും പ്രത്യേക നിറം നൽകി സൂചിപ്പിച്ചിട്ടുണ്ട്.2017-18 വർഷത്തിലാണ് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയത്. ശേഷം സൃഷ്ടിക്കപ്പെട്ട റോഡ് ആസ്തികളെ സംബന്ധിക്കുന്ന വിവരം മാപ്പിൽ കാലികമാക്കിയിട്ടില്ല. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾക്കനുസരിച്ച് മാപ്പിൽ വിവരങ്ങൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

v.റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ- മാർഗനിർദ്ദേശം പാലിക്കണം.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (go(p)13/2012/pwd/dtd 01.02.2012സെക്ഷൻ 1601-1-6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ.(എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി 29-03-2017 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലാ എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തികൾ നിർവഹണത്തിൽ വളരെയേറെ പുരോഗതി കൈവരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു.

| | പദ്ധതിയുടെ പേര് | പദ്ധതി പൂർത്തീകരിച്ച തീയതി | പദ്ധതി റിവൈസ് ചെയ്യാനുള്ള ഭരണ സമിതി തീരുമാനം |
|---|---|---|---|
| 1. | നെടുംപറമ്പ് അങ്കണവാടി പുനരുദ്ധാരണം(44/2019) | 08/11/2018 | നം 2(3)തീയതി 31/10/18 |
| 2. | പാലോട് ചേമ്പിൻകുഴി റോഡ് സൈഡ് വാൾ | 28/03/18 | നം 1(5)തീയതി 27/03/18 |

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, പദ്ധതി രൂപീകരണ മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇത്തരം വിഷയങ്ങളിൽ പതിയേണ്ടതാണ്.

vi.എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

തൻവർഷം അംഗീകാരം ലഭിച്ച സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളിൽ പലതും റിവൈസ് ചെയ്തതായി കാണുന്നു. 2018-19-ൽ ആകെ 57 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. ഇതിൽ 24പദ്ധതികൾ 31-10-2018ലെ തീരുമാനം നം 2(3) പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. തൻമൂലം പല എസ്റ്റിമേറ്റുകളിലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു. ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന്

വ്യക്തമാകുന്നു. ഇത് GO(P)13/2012pwd Dt.01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ള്യു.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്.

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവഹിക്കുന്നില്ല എന്നതിന്റെ ഉദാഹരണമാണ്.

ശരിയായ സൈറ്റ് കണ്ടീഷൻ മനസിലാക്കിയും ആവശ്യകത നിർണ്ണയിച്ചും പദ്ധതികൾ രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

vii.റോഡുകളുടെ sub base/base course നിർമ്മാണം -സർക്കാര് നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ധനകാര്യ വകുപ്പിന്റെ (സാങ്കേതിക വിഭാഗം) 20/07/2016 ലെ 16/2016-ാം നമ്പർ സർക്കുലർ അനുസരിച്ച് റോഡുകളുടെ sub base/base course എന്നിവ നിർമ്മിക്കുന്നതിന് WBM(water bound mecadam) ന് പകരം കൂടുതൽ കാലം ഈട് നില്ക്കുന്ന WMM(wet mix mecadam) ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ചുവടെ പറയുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

| പ്രവൃത്തി | അടങ്കൽ | ചെലവ് |
|---|---|---|
| വലയവിളമുക്ക്-മണിച്ചേരി മുട്ടോടുകോണം റോഡ് മെറ്റലിംഗ്(32/19) | 3,14,733/- ധനകാര്യ കമ്മീഷൻ | 3,14,732/- |
| പാറയിൽ കോളനി റോഡ് പുനരുദ്ധാരണം (35/19) | 4,90,000/- എസ്.സി.പി. | 4,68,684/- |

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 37/2019 പ്രകാരം നിർവഹണ ഉദ്യോഗസ്ഥയോട് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ പഞ്ചായത്തിൽ പ്ലാൻ ഫണ്ട് കുറവായതിനാലും പിന്നീട് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിനും വേണ്ടിയാണ് ആദ്യ ലെയർ WBM ഉപയോഗിച്ച് പ്രവൃത്തിനിർവഹിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിച്ച് പ്രവൃത്തികൾ നിർവഹിക്കേണ്ടതാണ്.

## 3-6 പഞ്ചായത്തിന് ഐ.എസ്.ഒ 9001:2015 അംഗീകാരം - ഗുണമേന്മ ലക്ഷ്യങ്ങൾ നേടേണ്ടതാണ്

പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുക എന്ന ലക്ഷ്യത്തോടെ 2017-18ൽ മുദാക്കൽ ഗ്രാമപഞ്ചായത്ത് ISO9001:2015 ഗുണമേന്മ സർട്ടിഫിക്കേഷൻ നേടിയിരുന്നു. ഇതിന് തുടർച്ചയായി 2018-19 ൽ ഒന്നാം വർഷ ഓഡിറ്റ് നടത്തുന്നതിനായി പ്രോജക്ട് (നം. 114/18-19 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - ഒന്നാം വർഷ ഓഡിറ്റ്) രൂപീകരിച്ച് കൺസൾട്ടേഷൻ ഫീ, സർട്ടിഫിക്കേഷൻ ഫീ എന്നിവ ഏജൻസികൾക്ക് നൽകി. ഐ.എസ്.ഒ സർട്ടിഫിക്കേഷനായി തയ്യാറാക്കിയ ഗുണമേന്മാ മാനുവൽ പ്രകാരം സർട്ടിഫിക്കേഷന്റെ ഭാഗമായി നേടേണ്ട ഗുണമേന്മാ ലക്ഷ്യങ്ങൾ നിഷ്കർഷിച്ചിരുന്നു.

എന്നാൽ സർട്ടിഫിക്കേഷൻ നേടി 2 വർഷം തികയുമ്പോഴും ഈ ലക്ഷ്യങ്ങളിൽ പലതും യാഥാർത്ഥ്യമായിട്ടില്ല.

| ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഗുണമേന്മ മാന്വൽ പ്രകാരമുള്ള ഗുണമേന്മാ ലക്ഷ്യങ്ങൾ | നിലവിലെ അവസ്ഥ |
|---|---|
| പദ്ധതി ഫണ്ട് വിനിയോഗം 100 % ആക്കുക | 2017-18, 2018-19 വർഷങ്ങളിൽ ഈ ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല. |
| 2017-18 വർഷത്തിൽ നികുതി പിരിവ് 100% ആക്കുക | നികുതി പിരിവ് 100% ആയിട്ടില്ല |
| പഞ്ചായത്തിൽ 2017-18 ൽ പൊതുശ്മശാനം സ്ഥാപിക്കുക | പഞ്ചായത്തിൽ നാളിതുവരെ പൊതുശ്മശാനം സ്ഥാപിച്ചിട്ടില്ല |
| പഞ്ചായത്തിൽ 2017-18 ൽ അറവുശാല സ്ഥാപിക്കുക | പഞ്ചായത്തിൽ നാളിതുവരെ അറവുശാല സ്ഥാപിച്ചിട്ടില്ല |
| പഞ്ചായത്തിൽ 2 വർഷത്തിനകം മുതിർന്ന പൗരൻമാർക്കായി ഒരു പകൽവീട് സ്ഥാപിക്കുക | പകൽവീട് സ്ഥാപിച്ചിട്ടില്ല |
| പഞ്ചായത്ത് വക ബഡ്സ് സ്കൂളിന് സ്വന്തമായി വാഹനം വാങ്ങുക | ബഡ്സ്കൂളിന് സ്വന്തമായി വാഹനം വാങ്ങിയിട്ടില്ല. വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുകയാണ് നിലവിൽ ചെയ്യുന്നത്. |

01-07-2017 ൽ ഇഷ്യൂ ചെയ്ത ഗുണമേന്മാ മാന്വലിൽ പ്രതിപാദിച്ചിരിക്കുന്ന മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാൻ കഴിയാത്തത് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ വഴി ലക്ഷ്യം വച്ച തലത്തിലേക്ക് പഞ്ചായത്തിന്റെ സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിൽ പൂർണമായും വിജയിച്ചിട്ടില്ല എന്നതിന്റെ സൂചനയാണ്. സമയബന്ധിതമായി ഗുണമേന്മാ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്ത് നടപടി കൈക്കൊള്ളേണ്ടതാണ്.

# 3-7 ഫയൽ ട്രാക്കിംഗിനുള്ള ടച്ച് സ്ക്രീൻ കിയോസ്ക് പ്രവർത്തിക്കുന്നില്ല

പൊതുജനങ്ങൾക്ക് ഫയൽ ട്രാക്കിംഗിനായി 2014-15 സാമ്പത്തികവർഷം സ്ഥാപിച്ച ടച്ച് സ്ക്രീൻ കിയോസ്ക് പഞ്ചായത്തിൽ ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 26 ന് കെൽട്രോണിൽ നിന്നും വാങ്ങിയ കിയോസ്ക് വാറന്റി കാലാവധി അവസാനിച്ചതിന് ശേഷമാണ് കേടായതെന്നും കെൽട്രോൺ ടി കിയോസ്ക് റിപ്പയർ ചെയ്യില്ല എന്ന് അറിയിച്ചതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾ കിയോസ്ക് ഉപയോഗിക്കുന്നില്ല എന്നത് കൊണ്ട് കൂടിയാണ് പെട്ടെന്ന് കിയോസ്ക് റിപ്പയർ ചെയ്യാത്തതെന്നും മറുപടി നൽകി. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് ജനങ്ങൾക്ക് ഗുണകരമാണോ എന്ന് പഞ്ചായത്ത് പരിശോധിക്കാത്തതെന്തെന്ന് വിശദീകരണം നൽകിയിട്ടില്ല. കെൽട്രോണുമായോ കിയോസ്ക് റിപ്പയർ ചെയ്യാൻ സന്നദ്ധരായ മറ്റ് സ്ഥാപനങ്ങളുമായോ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ഒപ്പുവയ്ക്കാൻ നാളിതുവരെ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇത് മൂലം കിയോസ്ക് സ്ഥാപിച്ചത് ഒരു പാഴ്ച്ചെലവായി മാറുകയാണുണ്ടായത്. ഐ.കെ.എം നൽകുന്ന ഫയൽ

ട്രാക്കിംഗ് സോഫ്റ്റ്‌വെയറായ സൂചിക ലഭ്യമാണെങ്കിലും പഞ്ചായത്തിൽ ഇലക്ട്രോണിക് ഫയൽ ട്രാക്കിംഗ് സംവിധാനം പ്രവർത്തിക്കുന്നില്ല. ഇതിനാൽ തന്നെ കിയോസ്ക് പ്രവർത്തനക്ഷമമായാലും എത്തരത്തിൽ ഫയൽ ട്രാക്ക് ചെയ്യാൻ കഴിയും എന്നും വ്യക്തമല്ല. ഫയൽ ട്രാക്കിംഗ് കിയോസ്ക് ഉടൻ തന്നെ പ്രവർത്തനക്ഷമമാക്കാനും ഫയൽ ട്രാക്കിംഗ് സംവിധാനം പൂർണമായും കാര്യക്ഷമമായും നടപ്പിലാക്കാനും വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# 3-8 കശുമാവിൻതൈകൾ വിതരണം ചെയ്യൽ- സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല

പ്രോജക്ട് നം.SO111/19

പേര്- കശുമാവ് കൃഷി

അടങ്കൽ- വികസനഫണ്ട് 86,600/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

ചെലവ്- ബിൽനം. 4/24.9.18-17,500/-

ബിൽ നം. 18/5.2.19-25,000/-

ബിൽ നം.23/7.3.19-44,100/-

250 കർഷകർക്ക് കശുമാവിൻ തൈകൾ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ KAICOയിൽ നിന്ന് 1732 തൈകൾ 50/- രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.
സ.ഉ(കൈ) നം.22/2018/lsgd dated 14.2.2018 പ്രകാരം കാഷ്യൂ കോർപ്പറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭിക്കുന്നില്ലെങ്കിൽ മാത്രമേ വികസനഫണ്ട് വിനിയോഗിക്കുവാൻ പാടുള്ളൂ. തരിശു ഭൂമിയിലും പൊതു ഇടങ്ങളിലും തൈകൾ നടാനും നനയ്ക്കാനും ചുറ്റുവേലി കെട്ടാനും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തണം. ഫയൽ പരിശോധിച്ചതിൽ സൗജന്യമായി തൈകൾ വിതരണം ചെയ്യുന്നില്ലായെന്ന് കാഷ്യൂ കോർപ്പറേഷനിൽ നിന്ന് കത്ത് ലഭ്യമാക്കുകയോ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 33 ന് പ്രോജക്ട് പ്രകാരം KAICO വഴി കശുമാവ് തൈ വിതരണം ചെയ്യാൻ കഴിയുമെന്നതിനാലാണ് അപ്രകാരം ചെയ്തതെന്നും ഭാവിയിൽ സശ്രദ്ധം നിരീക്ഷിച്ച മാത്രമേ പദ്ധതികൾ നടപ്പിലാക്കുകയുള്ളൂവെന്നും അറിയിച്ചിട്ടുണ്ട്.വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ മിനിട്സ് പരിശോധിച്ചതിൽ മേൽപ്പറഞ്ഞ അപാകതകളൊന്നും തന്നെ പരിശോധിച്ചതായി കാണുന്നില്ല, പദ്ധതി മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമായ കർത്തവ്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നുവെന്നും പദ്ധതികൾ നടപ്പിലാക്കുന്നുവെന്നും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും ഉറപ്പ് വരുത്തേണ്ടതാണ്.

# 3-9 ആടു വളർത്തൽ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

എ) പ്രോജക്ട് നം- SO134/19(സ്പിൽ ഓവർ)

പേര് - ആട്ടവളർത്തൽ

അടങ്കൽ - വികസനഫണ്ട് 5,16,000/-

നിർവ്വഹണം – വെറ്റിനറി സർജൻ

ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) 6,24,000/-

ചെലവ്- ബിൽ നം. 6/20.10.18-60,000/-

7/20.10.18-48,000/-

8/20.10.18-72,000/-

9/29.10.18-84,000/-

11/9.11.18-24,000/-

13/24.11.18-12,000/-

16/27.11.18-12,000/-

20/26.12.18-12,000/-

19/26.12.18-12,000/-

22/23.2.19-24,000/-

23/23.2.19-24,000/-

24/19.3.19- 12,000/-

25/18.3.19-24,000/-

26/22.3.19-12,000/-

ചെക്ക് നം. 5156116/23.3.19-1,76,000/-

5156177/23.3.19-32,000/-

5156169/6.3.19-32,000/-

5156143/5.1.19-16,000/-

5156169/16.3.19 -56,000/-

പഞ്ചായത്ത് പരിധിയിലെ പാൽ ഉല്പാദനം വർദ്ധിപ്പിക്കുക, ആടുകളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 75% സബ്സിഡിയിൽ നടപ്പാക്കിയ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പർച്ചേയ്സ് കമ്മിറ്റി രൂപീകരിച്ച് പൊതുമാർക്കറ്റിൽ നിന്ന് നേരിട്ടല്ല ആടുകളെ വാങ്ങിയിരിക്കുന്നത്. ഗുണഭോക്താക്കൾ പഞ്ചായത്തിനുള്ളിൽ തന്നെയുള്ള വ്യക്തികളിൽ നിന്ന് നേരിട്ട് ആണ് ആടുകളെ വാങ്ങിയിരിക്കുന്നത്. പഞ്ചായത്ത് പരിധിയിലെ ആടുകളുടെ എണ്ണം വർദ്ധിപ്പിക്കുക, പാൽ ഉല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് മേൽ നടപടി വിഘാതമാണ്.

2. ഒരേ വിലാസത്തിൽ താമസിക്കുന്നവർ, ബന്ധുക്കൾ തുടങ്ങിയവർ പരസ്പരം ആടുകളെ കൈമാറിയതായി ഫയൽ പരിശോധനയിൽ കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാങ്ങിയ ആൾ | വിറ്റ ആൾ | റിമാർക്സ് |
|---|---|---|
| ശ്രീമതി. സുകുമാരി.ജി | ശ്രീമതി. സുന, | റേഷൻ കാർഡ് പ്രകാരം |

| | | |
|---|---|---|
| ചരുവിളവീട്, കോടാലിക്കോണം, വാളക്കാട് | ചരുവിളവീട്, വാളക്കാട് | അമ്മയും മകളും |
| ശ്രീമതി. സീന. എസ്.എസ്, ശാന്തസദനം, അയിലം | ശ്രീമതി. ബീന. എസ്, അമ്പാടി, അയിലം, ഇളമ്പ | |
| ശ്രീമതി. ബിന്ദു. എസ്, ചൈത്രം, അയിലം | ശ്രീമതി. ശാന്ത.എം. ശാന്ത സദനം, ഇളമ്പ | റേഷൻ കാർഡ് പ്രകാരം സീന. എസ്.എസിന്റെ അമ്മയാണ് ശാന്ത |

3. മേൽ പദ്ധതി പ്രകാരം മുപ്പത്തിഒൻപത് ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളതെങ്കിലും 35ഗുണഭോക്താക്കൾ ആട്ടുകളെ ഇൻഷ്വർ ചെയ്യതിന്റെ രേഖകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളു..(ശ്രീമതി. രേണു. ചരുവിള പുത്തൻവീട്, ശ്രീമതി വിലാസിനി, പുതുവൽ പുത്തൻവീട്, ശ്രീമതി. സരസ്വതി, പുതുവൽ പുത്തൻവീട്, ശ്രീമതി. വിജിത, നന്ദനഭവൻ, കുളക്കോട് എന്നിവർ ആട്ടുകളെ ഇൻഷ്വർ ചെയ്യതിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല)

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12ന് 2018-19ൽ പർച്ചേയ്സ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലായെന്നും ശ്രീമതി സുകുമാരി മകനോടൊപ്പമാണ് താമസം എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. കൂടാതെ പഞ്ചായത്തിൽ ചെറുകിട രീതിയിൽ ആട്ടു വളർത്തി വരുന്നവർക്ക് ഇവിടെ തന്നെ ആട്ടുകളെ വില്പന നടത്താൻ കഴിയാതെ വന്നാൽ ഇവിടത്തെ എണ്ണത്തിൽ കുറവു വരുമെന്നതിനാലാണ് അപ്രകാരം ചെയ്യതെന്നും 39 ഗുണഭോക്താക്കളുടേയും ആട്ടുകളെ ഇൻഷ്വർ ചെയ്തിട്ടുണ്ടെന്നും എൻക്വയറിയിൽ പരാമർശിച്ചിട്ടുള്ള നാലു പേരുടെ ഇൻഷ്വറൻസ് രേഖകൾഓഫീസിൽ നിന്ന് കണ്ടെത്തുന്ന മുറക്ക് ലഭ്യമാക്കുന്നതാണെന്നും മറുപടി അറിയിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്നുറപ്പ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും. ഒരേ മേൽവിലാസത്തിലുള്ളവർ പരസ്പരം ആട്ടുകളെ കൈമാറിയതായ പരാമർശത്തിൽ കൂടുതൽ അന്വേഷണവും വ്യക്തതയും ഉറപ്പ് വരുത്തേണ്ടതാണ്.

## 3-10 ഭരണാനുമതി ലഭിച്ച തുകയും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

പ്രോജക്ട് നം.105

പേര്- കോഴിയും കൂടും പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

അടങ്കൽ- വികസനഫണ്ട് 4,80,000/-

ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്) 4,83,000/-

ചെലവ്- ബിൽനം. 15/24.11.18-58,000/-

17/18.12.18-62,000/-

ചെക്ക് നം. 5156133/12.12.18 – 1,76,000/- (ഇതിൽ 56,000/- രൂപ പ്രോജക്ട് നം.

SO134/19ന്റേതാണ്)

ഒരു വനിതാ കർഷകയ്ക്ക് പത്ത് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വച്ച് 240 ഗുണഭോക്താക്കൾക്ക് നൽകി മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ബഹുവർഷ പ്രോജക്ടായി രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത പദ്ധതിയിൽ സാമ്പത്തിക വിശകലനം രണ്ടാം വർഷത്തിൽ വികസനഫണ്ട് 4,80,000/- ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) 4,83,000/- ഉൾപ്പെടെ ആകെ 9,63,000/- രൂപയാണ് അടങ്കൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതിയ്ക്ക് ശുപാർശ ചെയ്ത തൻവർഷ അടങ്കൽ 1,20,000/- രൂപയാണ്. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ആകെ അടങ്കൽ 1,20,000/- രൂപയും ചെലവ് 2,40,000/- രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15 ന് ഗുണഭോക്താക്കൾക്ക് സ്വന്തമായി കൂടുള്ളതിനാൽ കൂടിന്റെ തുക ഒഴിവാക്കികൊണ്ട് പ്രോജക്ട് റിവൈസ് ചെയ്തപ്പോൾ സാമ്പത്തികവിശകലനം എഡിറ്റ് ചെയ്ത് സേവ് ചെയ്യാൻ കഴിയാതെ വന്നതാണെന്നും ബഹുവർഷ പ്രോജക്ടായി ഡിഫാൾട്ട് ആയി സേവ് ആയതിനാലാണ്ചെലവ് തുകയിൽ വ്യത്യാസം വന്നതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ മിനിട്സ് പരിശോധനയിൽ ഇത് സംബന്ധിച്ച യാതൊരു വിഷയവും ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതും ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

# 3-11 അംഗൻവാടി കെട്ടിടങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വസംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ട പ്രകാരമുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടി മാറ്റി പ്രവർത്തിപ്പിക്കണം. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസത്തിന്റെ അവസാനം ഐ.സി.ഡി.എസ്.സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എൻജിനീയർ/ ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മേയ് 30-നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. 2018-19 സാമ്പത്തിക വർഷം അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായുള്ള കത്ത് നൽകിയിയെങ്കിലും ഫിറ്റ്നസ് ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.07/15.06.19 ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്.

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഫിറ്റ്നസ് കാലാകാലങ്ങളിൽ പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

# 3-12 ലൈഫ് മിഷൻ ഭവന പദ്ധതി(ജനറൽ)-ഫണ്ട് വിനിയോഗത്തിൽ അപാകത

പ്രോജക്ട് നം.70/19

പേര്- ലൈഫ് മിഷൻ ഭവന പദ്ധതി-ജനറൽ
നിർവ്വഹണം – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ- വികസനഫണ്ട് 48,32,200/-

ബ്ളോക്ക് പഞ്ചായത്ത് 2,41,800/-

ജില്ലാപഞ്ചായത്ത് 12,79,482/-

ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ 5,34,59,567/-

ചെലവ്- ബിൽനം. 2/22.9.18-10,40,000/-

1/27.10.18-13,60,000/-

4/9.10.18-7,60,000/-

8/23.11.18-10,40,000/-

10/31.11.18-80,000/-

13/23.12.18-5,20,000/-

16/27.3.18-34,200/-

ചെക്ക് നം. 2538615/26.3.2019-81,800/-

ചെക്ക് നം.238607/8.2.19-1,60,000/-

ചെക്ക് നം.2538605/24.1.2019-11,20,000/-

ചെക്ക് നം.2538616/26.3.2019-1,59,482/-

RTGS മുഖേന HUDCOയിൽ നിന്ന് വായ്പയെടുത്ത 1,91,09,719/-രൂപ 25.3.19, 28.2.19, 16.3.19, 21.3.19, 14.1.19 എന്നീ തീയതികളിലായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിരിക്കുന്ന ശ്രീമതി. സാവിത്രി, പച്ചയിൽ വീട്, ഇളമ്പ പി.ഒ. എസ്.സി. ലൈഫ് ഭവനപദ്ധതിയുടെ എസ്.സി. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവാണ്. പ്രസ്തുത ഗുണഭോക്താവിന് ആദ്യഗഡുവായ നാല്പതിനായിരം രൂപ ലൈഫ് മിഷൻ ഭവനപദ്ധതി-ജനറൽ നിന്നും ബാക്കി ഗഡുക്കൾ വികസനഫണ്ട് (എസ്.സി)യിൽ നിന്നാണ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച എൻക്വയറി 40 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവ് എഗ്രിമെന്റിൽ ഏർപ്പെട്ട സമയത്ത് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലായിരുന്നുവെന്നും ഗുണഭോക്താവ് എസ്.സി. എന്ന്

തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന് ശേഷം നൽകിയ തുകകളെല്ലാം തന്നെ എസ്.സി. ഫണ്ടിൽ നിന്നുമാണ് എന്നാണ് അറിയിച്ചിരിക്കുന്നത്. ലൈഫ് ഭവനപദ്ധതിയിൽ എസ്.സി, ജനറൽ ഗുണഭോക്താക്കൾക്കുള്ള വെവ്വേറെ ലിസ്റ്റ് നിലനിൽക്കുന്നതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയ്ക്ക് ന്യായീകരണമില്ല. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകുന്നില്ലായെന്ന് നിർവ്വഹണഉദ്യോഗസ്ഥനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും ഉറപ്പുവരുത്തേണ്ടതാണ്.

# 3-13 ലൈഫ് -ഇഎം.എസ് ഭവനപദ്ധതിപൂർത്തിയാക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കൽ-തനത് ഫണ്ടിൽ ചെലവഴിക്കാതെ തുക അവശേഷിക്കുന്നു

പ്രോജക്റ്റ് നം. SO123/19

പേര്- ലൈഫ് ഇഎം.എസ് ഭവനപദ്ധതിപൂർത്തിയാക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കൽ

അടങ്കൽ- ബാങ്കിൽ നിന്നുള്ള നിക്ഷേപ വിഹിതം 3,20,000/-

ചെലവ് തുക- ചെക്ക് നം. 5156103/31.8.18- 50,000/-

വി.ഇ.ഒയുടെ പേരിലുണ്ടായിരുന്ന ഇടക്കോട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നം. 1767ൽ നിന്ന് 1.3.2018ൽ ചെക്ക്നം.044833/1.3.2018 പ്രകാരം 4,00,000/- രൂപയും ചെക്ക് നം. 044833/27.3.18 പ്രകാരം 2,78,000/- രൂപയും പിൻവലിച്ചിട്ടുണ്ട്. 27.3.2018ലെ ക്ലോസിംഗ് ബാലൻസ് 450/- രൂപ മാത്രമാണ്. ബാങ്കിൽ നിക്ഷേപ വിഹിതം ബാലൻസ് ഇല്ലാതെ 2018-19ലെ പ്രോജക്ടുകൾ നടപ്പിലാക്കിയത് എപ്രകാരമാണ് എന്ന് ഓഡിറ്റ് എൻക്വയറി, (നം.41ന്) മുഖേന ആരാഞ്ഞതിൽ മേൽ സൂചിപ്പിച്ച തുകകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെന്നും അതിൽ നിന്നും 2017-18,2018-19 വർഷങ്ങളിലായി ശ്രീമതി. രാധമ്മ എന്ന വ്യക്തിയ്ക്ക് ഭവനനിർമ്മാണത്തിനായി 2,80,000/- രൂപ നൽകിയിട്ടുണ്ടെന്നും ബാക്കി വന്ന 1,20,000/- രൂപ പഞ്ചായത്തിന്റെ തനത്ഫണ്ടിൽ അവശേഷിക്കുന്നതായും അറിയിച്ചു. ഇ.എം.എസ് ഗുണഭോക്താവായ ശ്രീമതി കുഞ്ഞിലക്ഷ്മിക്ക് ലഭിക്കേണ്ടതായിരുന്ന 1,20,000/- രൂപ ടിയാൾ മരണപ്പെട്ടതിനാൽ നൽകാൻ കഴിഞ്ഞില്ലായെന്നും അറിയിച്ചിട്ടുണ്ട്. 2,78,000/- രൂപ ഇ.എം.എസ് ലോൺ തിരിച്ചടവിനായി വിനിയോഗിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തനത് ഫണ്ടിൽ അവശേഷിക്കുന്ന 1,20,000/- രൂപയുടെ വിനിയോഗം സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ഭരണ സമിതിയെ ചുമതലപ്പെടുത്തുന്നു.

# 3-14 ഭവനപുനരുദ്ധാരണം- പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് നം. SO135/19

പേര്- ഭവനപുനരുദ്ധാരണം(എസ്.സി.പി)

അടങ്കൽ- വികസനഫണ്ട്(എസ്.സി.പി) 3,25,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

ചെലവ്- ബിൽ നം.6/9.11.18-50,000/-

7/23.11.18-50,000/-

മേൽ പദ്ധതിയിൽ ശ്രീമതി. ചെല്ലമ്മ, കല്ലവിള വീട്, വാസുദേവപുരം, അയിലം എന്ന ഗുണഭോക്താവിന് 8.3.2018ൽ നൽകിയ 75,000/- രൂപ ഉൾപ്പെടെ ആകെ 1,25,000/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താവ് പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം. 72/2017/lsgd dated 29.3.2017 പ്രകാരം പദ്ധതി സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്നിരിക്കെ ഇപ്രകാരം പ്രവൃത്തി പൂർത്തികരിക്കാത്തതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42 ന് ഗുണഭോക്താവ് ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയതിന്റെ വാല്യൂവേഷൻ ലഭ്യമാക്കിയിട്ടില്ലായെന്നും ആയതിനാൽ ബാക്കി തുക നൽകിയിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മേൽ ഉത്തരവ് പ്രകാരം 2018-19ൽ സ്പിൽ ഓവർ ആക്കിയ പദ്ധതി വീണ്ടും സ്പിൽ ഓവർ ആക്കാൻ കഴിയില്ലായെന്നിരിക്കെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 3-15 സുരക്ഷ – മാനസികാരോഗ്യ സംരക്ഷണ പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം

പ്രോജക്ട് നം. 174/19

നിർവ്വഹണം - സെക്രട്ടറി

ട്രഷറി ചെക്ക് നം. 5156168 തീ. 06.03.19

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി ഗ്രാമപഞ്ചായത്ത് പരിധിയിലെ മനോരോഗ ബാധിതർക്ക് മെച്ചപ്പെട്ട ചികിത്സ പഞ്ചായത്ത് തലത്തിൽ നടപ്പാക്കുന്നതിനും അവരുടെ അതിജീവനത്തിന്റെ ഉന്നമനത്തിനുമായി പ്രാദേശികതല മാനസികാരോഗ്യ പരിപാടികൾ, ബോധനസാമഗ്രികൾ, മരുന്ന് തുടങ്ങിയവ ലഭ്യമാക്കുന്നതിനുമാണ് മേൽ പദ്ധതി രൂപീകരിച്ചത്. രോഗികൾക്കാവശ്യമായ മരുന്ന് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുക, മാനസികാരോഗ്യ വിദഗ്ധരുടെ പ്രതിമാസ സന്ദർശനം, കോർഡിനേറ്റർക്കുള്ള വേതനം, സുരക്ഷാ ക്ലിനിക് പി.എച്ച്.സി. തലത്തിൽ നടത്തുക, പ്രാദേശിക തലത്തിൽ മാനസികാരോഗ്യ പരിപാടികൾ നടത്തുക എന്നിവയ്ക്ക് ഫണ്ട് ധനകാര്യ വിശകലനത്തിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രമോ വിശദമായ ഫീൽഡ് തല റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 27 നുള്ള മറുപടിയിൽ സുരക്ഷാ പദ്ധതിയുടെ പഞ്ചായത്ത് വിഹിതം 2,00,000/- രൂപ 06.03.2019 ന് ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കാമെന്നുമറിയിച്ചു. വിനിയോഗ സാക്ഷ്യപത്രവും മെഡിക്കൽ ഓഫീസറുടെ ഫീൽഡ് തല റിപ്പോർട്ടും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആയതു വരെ പ്രസ്തുത തുക തടസ്സം ചെയ്യുന്നു.

# 3-16 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നം | പേര് | അടങ്കൽ | ചെലവ് | ബിൽ നം, തീയതി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 79/18-19 | എസ്.എസ്.എ വിഹിതം - എസ്.സി.പി. | 4,00,000/- രൂപ (വി.ഫ. - എസ്.സി.പി.) | 4,00,000/- രൂപ | 1/18-19 തീ. 11-07-2018 |
| 78/18-19 | എസ്.എസ്.എ. വിഹിതം - ജനറൽ | 1,00,000/- രൂപ (വി.ഫ - ജനറൽ) | 1,00,000/- രൂപ | 2/18-19 തീ. 11-07-2018 |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4 എൽ.പി സ്കൂളുകളാണുള്ളത്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ കുട്ടികളുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/17.06.19 ന് 233 ജനറൽ കുട്ടികളും 215 എസ്.സി. കുട്ടികളും പഠിക്കുന്നുണ്ട് എന്നറിയിച്ചു. എസ്.എസ്.എ. ഫണ്ട് നൽകിയത് എസ്.സി.പി. ഫണ്ടിൽ നിന്നും 4 ലക്ഷം രൂപയും ജനറൽ ഫണ്ടിൽ നിന്നും 1 ലക്ഷം രൂപയുമാണ്. കുട്ടികളുടെ അനുപാതം അനുസരിച്ചല്ല ഫണ്ട് വകയിരുത്തിയത്. ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി വിഹിതത്തിൽ നിന്ന് മേഖല വിഭജനത്തിനും നിർബന്ധിത പദ്ധതികൾക്കുമായി ഭൂരിഭാഗം ഫണ്ടും മാറ്റിവയ്ക്കേണ്ടി വരുന്നതിനാൽ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് വകയിരുത്താൻ കഴിഞ്ഞില്ല എന്നറിയിച്ചു. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾക്ക് കുട്ടികളുടെ അനുപാതം അനുസരിച്ച് ഫണ്ട് വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഇതിനായി ചെലവഴിച്ച 5,00,000/-രൂപ തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 മഴക്കാലപൂർവ്വശുചീകരണം സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

a) ചെക്ക് നം. 2538388 തീ. 9.7.2018 – തുക : 2,00,000/- രൂപ (ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക)

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്, തിരുവനന്തപുരം, തീയതി 23.04.2015 ൽ നം.178649/ ഡി.സി./2015/തസ്വഭവ നമ്പരായി പുറപ്പെടുവിച്ച സർക്കുലർ പ്രകാരം മൺസൂൺ കാലത്ത് കേരളത്തിൽ പടർന്നുപിടിക്കുന്ന പകർച്ചാവ്യാധികൾക്ക് പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.

1. വാർഡ്തല ശുചിത്വ കൂട്ടായ്മ

2. ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം (12 ഉപനിർദ്ദേശങ്ങൾ)

3. വാർഡ് തല ശുചിത്വ മാപ്പിംഗ്

4. പഞ്ചായത്ത് തലകർമ്മ പരിപാടി

5. ഡ്രൈഡേ സന്ദേശം എല്ലാ വീടുകളിലേക്കും

6. ബോധവത്കരണ പ്രവർത്തനങ്ങൾ

6.1.1 – ഗാർഹിക തലം

6.1.2 – ഗാർഹിക തല ബോധവത്കരണം ഉൾപ്പെടെ വിപുലമായ ആസൂത്രണ പ്രക്രിയ നടത്തിയാണ് മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനം പൂർത്തിയാക്കേണ്ടത്.

എന്നാൽ, ശുചിത്വമിഷൻ നൽകിയ പണവിനിയോഗത്തിൽ ഈ മാർഗരേഖ അനുസരിച്ചുള്ള പ്രവർത്തനം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് എൻക്വയറി നം.35/21.06.2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ മാർഗ്ഗരേഖയ്ക്കനുസരിച്ചും കൃത്യമായ മോണിറ്ററിംഗോട് കൂടിയും ചെയ്യേണ്ടതാണ്.

**b) ചെലവ് രേഖ ഹാജരാക്കിയിട്ടില്ല 21,300/- രൂപ തടസ്സപ്പെടുത്തുന്നു.**

II, XV എന്നീ വാർഡുകളുടെ ശുചീകരണ പ്രവർത്തനങ്ങൾക്കായി തൻവർഷം 20,000/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു കൂടാതെ വാർഡ് IXൽ ഫോട്ടോസ്റ്റാറ്റിന് ചെലവഴിച്ച 300/-രൂപയുടെയും വാർഡ് VIIIൽ സ്റ്റേഷനറിക്ക് വേണ്ടിയുള്ള 1,000/- രൂപയുടെയും ചെലവിന്റെ വൗച്ചറുകളും ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 21,300/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 89/18-19 | കിണർ റീചാർജ്ജിംഗ് | 172800 | *9826 | 162974 |
| | 91/18-19 | കേദാരം സമഗ്ര നെൽകൃഷി വികസനം - ഒന്നാംവിള | 59500 | 59500 | 0 |
| | 54/18-19 | ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി | 300000 | 300000 | 0 |
| | 50/18-19 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 463125 | 348375 | 114750 |
| | 70/ 18-19 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 587000 | 241800 | 345200 |
| | 110/ 18-19 | ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി.പി) | 833500 | 0 | 833500 |
| **ആകെ** | | | **2415925** | **959501** | **1456424** |
| ജില്ലാപഞ്ചായത്ത് | 89/18-19 | കിണർ റീചാർജ്ജിംഗ് (ജനറൽ) | 12960 | 12579 | 381 |
| | 91/18-19 | കേദാരം സമഗ്ര നെൽകൃഷി വികസനം - ഒന്നാംവിള | 29750 | 29750 | 0 |
| | 98/ 18-19 | ഹരിതഭവനം | 35000 | 34386 | 614 |
| | 54/18-19 | ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി | 176000 | 176000 | 0 |
| | 173/ 18-19 | ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി | 85000 | 85000 | 0 |
| | 50/18-19 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 820750 | 348375 | 472375 |
| | 70/ 18-19 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 1279482 | 1279482 | 0 |
| | 110/ 18-19 | ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി.പി) | 1639151 | 720000 | 919151 |
| | | | 4078093 | 2685572 | 1392521 |

* ബ്ലോക്ക് വിഹിതമായി നൽകിയ 1,440/- രൂപ കൃഷി ഓഫീസറുടെ 502450020180 നമ്പർ റിക്വസ്റ്റ് പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത തുക വെബ് സാഖ്യയിൽ കൃഷി ഓഫീസർ പേമെന്റ് റിക്വസ്റ്റ് നൽകിയില്ല. ആയതിനാൽ സുലേഖ സ്റ്റേറ്റ്മെന്റിൽ ഈ തുക പ്രതിഫലിച്ചിട്ടില്ല.

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | 2018-19 സാമ്പത്തികവർഷം മുൻകൂർ നൽകിയ തുക | 2018-19 സാമ്പത്തികവർഷം ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|
| *വാട്ടർ അതോറിറ്റി | 46,00,000.00 | 32,20,000.00 | 13,80,000.00 |
| **കെ.എസ്.ഇ.ബി. | 18,73,180.00 | 15,62,717.00 | 3,10,463.00 |
| **ആകെ** | **64,73,180.00** | **47,82,717.00** | **16,90,463.00** |

*2018-19 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തതിൽ ചെലവഴിച്ചിട്ടില്ലാത്ത 13,80,000/- രൂപ B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
**2018-19 സാമ്പത്തിക വർഷം കെ.എസ്.ഇ.ബിക്ക് ഡെപ്പോസിറ്റ് ചെയ്തതിൽ ചെലവഴിച്ചിട്ടില്ലാത്ത 3,10,463/- രൂപ B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയ്ക്ക് ഡെപ്പോസിറ്റ് ചെയ്തതിൽ 2017-18 സാമ്പത്തിക വർഷം ചെലവഴിക്കാതെ അവശേഷിച്ച 19,07,278/-, 49,70,663/-, 1,30,558/-രൂപ എന്നിവ തൻവർഷവും അവശേഷിക്കുന്നു.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ / വായ്പ തിരിച്ചടവ്

2018-19സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ)നം 275/2010 തസ്വഭവ | 27604500 | 885578 | 689731 | - | 195847 |

| | | | | | | | |
|---|---|---|---|---|---|---|---|
| | തീയതി 27.01.2010 | | | | | | |
| ഹഡ്കോ | ലൈഫ് | 19109719 | - | - | - | 19109719 | |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യാഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| 2017-18 | 3-4 | 4650/- | ശ്രീ.നൗഷാദ്, കൃഷി ഓഫീസർ | 118080500014, 02/11/2018 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,89,16,176/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,69,98,119/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,21,300/- |

*(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

**(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.15 | 2,00,000/- | ശ്രീ. രാജേഷ്. എസ്.എസ്,<br>സെക്രട്ടറി |
| 3-16 | 5,00,000/- | ശ്രീമതി. ഗീതകുമാരി.കെ.കെ,<br>എച്ച്.എം, ഗവ.എൽ.പി.എസ്, ചെമ്പൂര് |
| 3-17 (b) | 21,300/- | ഡോ.ലക്ഷ്മി.ജി.ജി,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 7,21,300/- | |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

*ഇല്ല*

**(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

*ഇല്ല*

**(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.ഗീതകുമാരി.<br>കെ.കെ.<br>എച്ച്.എം.<br>ഗവ. എൽ.പി.എസ്.<br>ചെമ്പൂര് | - | ഐശ്വര്യ,<br>ചെമ്പൂര്, മുദാക്കൽ<br>ഫോൺ 8086193835 |
| 2 | ഡോ. ലക്ഷ്മി. ജി.ജി.<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.) | - | ശ്രീലക്ഷ്മി, EKRA 10,<br>കരിയം,<br>പൗഡിക്കോണം. പി.ഒ.<br>പിൻ-695587 |
| 3 | ശ്രീ. രാജേഷ്.<br>എസ്.എസ്.<br>സെക്രട്ടറി | - | കുന്നിൽ വീട്,<br>ആലിയാട്, വെഞ്ഞാറമൂട്. |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 3, ഖ.31(1), 31(2), 32 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 2, ഖ.3-4, 3-10 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 3, ഖ.3-6, 3-9(2), 3-11(2) | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 6 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 5 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 4, ഖ.3-4, 3-6(എ), 3-6(ബി), 3-8 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 6 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 6, ഖ.3-2, 3.5, 3.7, 3.8, 3-10, 3.11 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 6 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 2 | |
| 2015-16 | കെ. എസ് .എ .റ്റി. വി. എം.ജി .പി8 /876/18 തീയതി 10/05/2018 | 6, ഖ.2.1, 2.2, 2.4, 3.5, 3.10, 3.11 | |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2379/17 തീയതി 17/01/2018 | 13 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/315/19 തീയതി 03/04/2019 | 18 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

R.17.9.19